"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. ശ്രീമതി എം.എസ്.അശ്വതി ഫയൽ ചെയ്ത റിട്ട് ഹർജി 26160/2024-മേൽ ബഹു:ഹൈക്കോടതി 23/07/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2063/2025/GEDN തീയതി,തിരുവനന്തപുരം, 18-03-2025**

---

പരാമർശം:-

1. ശ്രീമതി എം.എസ്.അശ്വതി സമർപ്പിച്ച 06/02/2022-ലെയും (എക്സിബിറ്റ് പി-13), 12/07/2024-ലെയും (എക്സിബിറ്റ് പി-15) റിവിഷൻ ഹർജികൾ.
2. റിട്ട് ഹർജി 26160/2024-മേൽ ബഹു:ഹൈക്കോടതി 23/07/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
3. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/08/2024-ലെ DEOATL/2420/2024-B2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/08/2024-ലെ ഇ.ടി.5/16974/2024/ഡി.ജി.ഇ നമ്പർ കത്ത്.
5. കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ അധ്യാപകർ സമർപ്പിച്ച 07/12/2024 തീയതിയിലെ പരാതി

**ഉത്തരവ്**

തിരുവനന്തപുരം കടയ്ക്കാവൂർ എസ്.എസ്.പി. ബി.എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. ശ്രീമതി എം.എസ്. അശ്വതി ഫയൽ ചെയ്ത റിട്ട് ഹർജി 26160/2024-മേൽ ബഹു:ഹൈക്കോടതി 23/07/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും 4 മുതൽ 7 വരെയുള്ള എതിർകക്ഷികളെയും മറ്റ് ബന്ധപ്പെട്ടവരെയും കേൾക്കുന്നതിനും, എക്സിബിറ്റ് പി-13 (റിവിഷൻ ഹർജി തീയതി 06/02/2022), എക്സിബിറ്റ് പി-15 (റിവിഷൻ ഹർജി തീയതി 12/07/2024) എന്നിവ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 02/09/2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

2. ഹർജിക്കാരി ശ്രീമതി എം.എസ്.അശ്വതി ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

1. കടയ്ക്കാവൂർ ശ്രീ സേതുപാർവതി ഭായ് ഹയർ സെക്കൻഡറി സ്കൂൾ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.
2. 31.07.2013 മുതൽ യു.പി.എസ്.റ്റി ആയി ശ്രീമതി എം.എസ്.അശ്വതിയെ മാനേജർ നിയമിച്ചു. നിയമനാംഗീകാരം 30.03.2015-ലെ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. അങ്ങനെ തുടരവെ, 02.06.2014 മുതൽ ശ്രീമതി എം.എസ്.അശ്വതി എന്നവരെ റഗുലർ തസ്തികയിലേക്ക് മാറ്റിയിട്ടുള്ളതാണ്. ടി നിയമനാംഗീകാരവും 15.10.2016-ലെ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി ഉത്തരവിനെതിരെ ഡയറക്ടർ മുമ്പാകെ 07.11.2016 തീയതിയിൽ അപ്പീൽ സമർപ്പിച്ചിരുന്നു.

3. അവസാനത്തെ ശ്രമം എന്ന നിലയ്ക്ക് സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. അതിന്മേൽ സർക്കാർ സ.ഉ.(സാധാ)നം.587/2020/പൊ.വി.വ തീയതി 01.02.2020 പുറപ്പെടുവിച്ചിട്ടുള്ളതിൽ മുൻനിയമനങ്ങൾക്ക് നിയമനാംഗീകാരം നൽകിയതിനുശേഷം മാത്രമേ മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകാവൂ എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിയിട്ടുള്ളതാണ്. ശ്രീമതി എം.എസ്.അശ്വതി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 5155/2020 നമ്പർ റിട്ട് ഹർജി നൽകിയിട്ടുള്ളതാണ്. അതനുസരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വീണ്ടും ശ്രീമതി എം.എസ്.അശ്വതിയുടെ നിയമനാംഗീകാരം നിരസിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ വീണ്ടും സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 18199/2021 നമ്പർ റിട്ട് ഹർജി നൽകിയിട്ടുള്ളതാണ്. അനന്തരഫലമായി സ.ഉ.(സാധാ)നം.106/2022/പൊ.വി.വ തീയതി 06.01.2022 പുറപ്പെടുവിച്ചിട്ടുള്ളതാണ്.
4. അതേസമയം ശ്രീമതി ശ്രീജ യു.പി.എസ്.റ്റി.യായുള്ള തന്റെ നിയമനം അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. അതിന്മേൽ സ.ഉ.(സാധാ)നം.110/2022/പൊ.വി.വ തീയതി 06.01.2022 പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ.ഉ.(സാധാ)നം.106/2022/പൊ.വി.വ തീയതി 06.01.2022, സ.ഉ.(സാധാ)നം.110/2022/പൊ.വി.വ തീയതി 06.01.2022 എന്നീ ഉത്തരവുകളിൽ യു.പി.എസ്.റ്റി തസ്തികയിലേക്ക് ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ, ശ്രീമതി എം.എസ്.അശ്വതി എന്നീ ക്രമത്തിൽ നിയമനാംഗീകാരം പരിഗണിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദേശം നൽകിയിട്ടുള്ളതാണ്.

5. ശ്രീമതി എം.എസ്.അശ്വതിക്ക് മുൻപായി ശ്രീമതി ആശാറാണിയുടെ അവകാശവാദം പരിഗണിക്കണമെന്ന സർക്കാരിന്റെ തീരുമാനം അടിസ്ഥാനരഹിതവും നിയമപരമായി നിലനിൽക്കാത്തതുമാണ്. 16.07.2012 മുതൽ 14.07.2013 വരെ ശ്രീമതി ആശാറാണി സ്കൂളിൽ ജോലി ചെയ്തിരുന്നു എന്നത് ശരിയാണെങ്കിലും ഒരു അധ്യയന വർഷത്തിൽ കുറഞ്ഞ സർവ്വീസ് മാത്രമേ ഉള്ളൂ എന്നതിനാൽ ടിയാൾക്ക് കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 51എ അവകാശം സിദ്ധിക്കുന്നതല്ല. അതിനാൽ സ.ഉ.(സാധാ)നം.106/2022/പൊ.വി.വ തീയതി 06.01.2022, സ.ഉ.(സാധാ)നം.110/2022/പൊ.വി.വ തീയതി 06.01.2022 എന്നീ ഉത്തരവുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാനേജർ, വി.കെ.എൻ.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വി സ്റ്റേറ്റ് ഓഫ് കേരള ആൻഡ് അതേഴ്സ് (2016(1) കെ.എച്ച്.സി 430 = 2106 (1) കെ.എൽ.റ്റി 489) എന്ന വിധിക്ക് വിരുദ്ധമാണ്.

6. ശ്രീമതി ശ്രീജ യു.പി.എസ്.റ്റി.യുടെ നിയമനം 01.07.2014 മുതൽക്കാണ്. ശ്രീമതി എം.എസ്.അശ്വതിയുടെ നിയമനം 31.07.2013 മുതൽക്കും. അതിനാൽ ശ്രീമതി ശ്രീജയുടെ നിയമനാംഗീകാരം ശ്രീമതി എം.എസ്.അശ്വതി എന്നവരുടേതിനുശേഷം മാത്രമേ പരിഗണിക്കാവൂ. ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ എന്നിവരെക്കാൾ മുൻഗണന ശ്രീമതി എം.എസ്.അശ്വതി എന്നവർക്കാണ്. കൂടാതെ, എച്ച്.എസ്.എ.(എസ്.എസ്) ആയിരുന്ന ശ്രീമതി ദേവിദേവ് എന്നവരെ 2015-16 അദ്ധ്യയനവർഷം യു.പി.എസ്.റ്റി ആയി റിവേർട്ട് ചെയ്തിട്ടുള്ളത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, കണ്ണൂർ ആൻഡ് അതേഴ്സ് വി. എ.വി.സത്യഭാമ ആൻഡ് അതേഴ്സ് (2016(4) കെ.എച്ച്.സി 911) എന്ന വിധിക്ക് വിരുദ്ധമാണ്.

7. മേൽ വിധികളുടെ അടിസ്ഥാനത്തിൽ ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ എന്നിവർക്ക് ശ്രീമതി എം.എസ്.അശ്വതി എന്നവരെക്കാൾ മുൻഗണന നൽകിയിട്ടുള്ളത് മാറ്റി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് സർക്കാർ മുമ്പാകെ റിവ്യൂ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്.

8. ഇതിനിടെ ശ്രീമതി ആശാറാണി എന്നവർക്ക് ചട്ടം 51 എ അവകാശം അനുവദിച്ച് കൊടുത്ത ഡയറക്ടറുടെ 04.07.2024 തീയതിയിലെ ഉത്തരവ്. പക്ഷേ, ശ്രീമതി ആഷറാണി എന്നവരുടെ ജോലി ചെയ്ത കാലം എന്നത് 16.07.2012 മുതൽ 14.07.2013 വരെയാണ്. ഈ പീരീഡ് ഒരു അദ്ധ്യയനവർഷം ഉൾക്കൊള്ളുന്നില്ല. അതിനാൽ ശ്രീമതി ആശാറാണി എന്നവരുടെ ചട്ടം 51എ അവകാശവാദം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിക്ക് വിരുദ്ധമാണ്.

9. ഡയറക്ടറുടെ 04.07.2024 തീയതിയിലെ ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. ഡയറക്ടറുടെ 04.07.2024 തീയതിയിലെ ഉത്തരവ് അജിത് കുമാർ കെ.വി. V സ്റ്റേറ്റ് ഓഫ് കേരള (2017 (3) കെ.എച്ച്.സി 429, അബ്ദുള്ള റ്റി.എ. വി സപ്ലൈകോ ആൻഡ് അതേഴ്സ് (2020 (1) കെ.എച്ച്.സി 236) വിധികൾക്ക് വിരുദ്ധമാണ്.

മേൽ സാഹചര്യങ്ങളും കോടതി ഉത്തരവുകളും കണക്കിലെടുത്ത് നിയമനാംഗീകാരം ലഭിക്കുവാൻ ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ എന്നിവരെക്കാൾ മുൻഗണന ശ്രീമതി എം.എസ്.അശ്വതി എന്നവർക്കാണെന്ന് കണ്ടെത്തി ശ്രീമതി എം.എസ്.അശ്വതിക്ക് നിയമനാംഗീകാരം നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**3. കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. ശ്രീമതി ശ്രീജ ആർ.എൽ. ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

B.Sc., B.Ed.ഉം ഹിന്ദി ഭൂഷൺ പരീക്ഷയും പാസ്സായിട്ടുള്ള ഞാൻ എൽ.ജി.ഹിന്ദി, യു.പി.എസ്.റ്റി. തസ്തികകൾക്ക് പൂർണ്ണയോഗ്യയാണ്. ടി സ്കൂളിൽ എന്റെ ആദ്യ നിയമനം 05/06/2013 മുതൽ എൽ.ജി.ഹിന്ദി ആയിട്ടായിരുന്നു. 05/06/2013 മുതലുള്ള നിയമനം ആറ്റിങ്ങൽ ഡി.ഇ.ഒ.യുടെ പ്രയോറിറ്റി ബുക്കിൽ സീരിയൽ നമ്പർ 6 ആയി 04/07/2013-ൽ രേഖപ്പെടുത്തിയിട്ടുള്ളതും മേൽപ്പറഞ്ഞ ഒഴിവ് സ്ഥിരീകരിക്കപ്പെടാത്തതിനാൽ എൽ.ജി.ഹിന്ദി നിയമനം ഡി.ഇ.ഒ. നിരാകരിച്ചിട്ടുള്ളതുമാണ്.

എൽ.ജി.ഹിന്ദി നിയമനം നിരാകരിക്കപ്പെട്ടതിനെ തുടർന്ന്, 02/06/2014 മുതൽ ശ്രീ.എ.ആർ.രഞ്ജിത്ത് യു.പി.എസ്.റ്റി.യുടെ രാജി ഒഴിവിൽ എന്നെ യു.പി.എസ്.റ്റി. ആയി നിയമിച്ചു. എന്നാൽ പിന്നീട് 01/07/2014 മുതൽ എന്നെ ശ്രീ. മനോജ് യു.പി.എസ്.റ്റി. പ്രമോട്ട് ചെയ്യപ്പെട്ട ഒഴിവിലേക്കും തുടർന്ന്, വീണ്ടും ശ്രീ.എ.ആർ.രഞ്ജിത്ത് യു.പി.എസ്.റ്റി. രാജി വച്ച ഒഴിവിലേക്കും 01/07/2014 മുതൽ നിയമനങ്ങൾ തന്നിരുന്നു. മേൽപ്പറഞ്ഞ നിയമനങ്ങളെല്ലാം പല കാരണങ്ങളാൽ നിരാകരിക്കപ്പെട്ടതിനെ തുടർന്ന് മാനേജർ ശ്രീ. എ.ആർ.രഞ്ജിത്ത് യു.പി.എസ്.റ്റി.യുടെ രാജി ഒഴിവിൽ 02/06/2014 മുതലുള്ള എന്റെ നിയമനം നിരാകരിക്കപ്പെട്ടതിനെതിരെ ബഹു. തിരുവനന്തപുരം ഡി.ഡി.ക്ക് ചട്ടപ്രകാരം അപ്പീൽ ഫയൽ ചെയ്തിരുന്നു.

അതേസമയം, 05/06/2013 മുതൽ ഞാൻ ഈ സ്കൂളിൽ സർവ്വീസ് ബ്രേക്കില്ലാതെ ജോലി ചെയ്ത് വരികയാണ്. എന്നാൽ മാനേജർ ഈ സ്കൂളിൽ നടത്തിയ പല നിയമനങ്ങളെപ്പറ്റിയും പരാതികളുണ്ടായ സാഹചര്യത്തിൽ, നിയമനാംഗീകാരം സംബന്ധിച്ച് പൊതുവായ ചില മാനദണ്ഡങ്ങൾ നിർണ്ണയിച്ചു കൊണ്ട്, G.O.(Rt)No.2705/18/പൊ.വി.വ തീയതി 18/07/2018 പ്രകാരം, 2012-13 വരെ നടത്തിയിട്ടുള്ള നിയമനങ്ങൾ ക്രമീകരിച്ചശേഷം മാത്രമേ തുടർന്നുള്ള വർഷങ്ങളിലെ നിയമനങ്ങൾ പരിഗണിക്കേണ്ടതുള്ളൂവെന്ന് ഗവൺമെന്റ് ഉത്തരവായി. ഇതിനിടെ ഇപ്പോഴത്തെ പരാതിക്കാരിയായ ശ്രീമതി അശ്വതി എം.എസ്. ബഹു. ഹൈക്കോടതിയിൽ തനിക്ക് 02/06/2014 മുതൽ നിയമനം നൽകാൻ നിർദ്ദേശിക്കണമെന്നപേക്ഷിച്ചു കൊണ്ട് WP(C)No.5155/2020 ഫയൽ ചെയ്തു. ഇതിനെതിരായി WP(C)No.7795/2020 മാനേജരും ഫയൽ ചെയ്തിരുന്നു. ഈ രണ്ട് റിട്ട് പെറ്റീഷനുകളും സംയുക്തമായി പരിഗണിച്ചുകൊണ്ട്, 15/12/2020-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീമതി അശ്വതിയുടേയും മാനേജരുടേയും ഹർജികൾ പരിഗണിച്ച് ഉചിതമായ ഉത്തരവിറക്കാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

2014-15-ൽ ശ്രീമതി ദേവിദേവ് യു.പി.എസ്.റ്റി.യെ എച്ച്.എസ്.റ്റി. ആയി പ്രൊമോട്ട് ചെയ്ത് അംഗീകരിക്കപ്പെട്ടതുമൂലം ഈ സ്കൂളിൽ യു.പി.എസ്.റ്റി.യുടെ സ്ഥിരീകരിക്കപ്പെട്ട ഒരൊഴിവ് നിലവിൽ വന്നു. എന്റെ ജനനത്തീയതി 31/05/1975 ആയതിനാൽ ഓവർ ഏജിന്റെ വക്കിലായ എനിക്ക് മറ്റൊരു നിയമനം തുടർന്നുള്ള വർഷങ്ങളിലേക്ക് പരിഗണിക്കാനാവാത്ത സ്ഥിതിയിലായിരുന്നു. 05/06/2013 മുതൽ ടി സ്കൂളിൽ നിയമന സീനിയോറിറ്റിയുള്ള എന്നെക്കാൾ 02/06/2014-ൽ UPST ആയി നിയമിക്കപ്പെട്ടതായി പറയുന്ന ശ്രീമതി അശ്വതിക്ക് പ്രയോറിറ്റി അവകാശം ഇല്ലെന്ന് ബോധിപ്പിക്കട്ടെ. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ശ്രീമതി ദേവിദേവിന്റെ ഒഴിവിൽ എന്നെ നിയമിക്കണമെന്ന് മാനേജരോട് നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഡി.ഇ.ഒ.യ്ക്ക് നിവേദനം നൽകിയെങ്കിലും 02/06/2014 മുതൽ നിയമിതയായിയെന്ന് പറയപ്പെടുന്ന അശ്വതിക്ക് എന്നെക്കാൾ നിയമന സീനിയോറിറ്റി ഉണ്ടെന്ന് കാണിച്ചുകൊണ്ട് എന്റെ അപേക്ഷ ഡി.ഇ.ഒ. നിരാകരിക്കുകയുണ്ടായി.

'First come first served' എന്ന തത്വപ്രകാരം G.O.(Rt)No.2705/18/പൊ.വി.വ തീയതി 18/07/2018 അനുസരിച്ച് പരിഗണിക്കുമ്പോൾ 05/06/2013 മുതൽ തുടർച്ചയായി സർവ്വീസുള്ള ഞാനാണ് ശ്രീമതി അശ്വതിയെക്കാൾ നിയമനത്തിൽ സീനിയർ എന്ന് വ്യക്തമാണ്. 2013-14-ൽ എന്നെ എൽ.ജി. ഹിന്ദിയായി നിയമിച്ചിരുന്നു എന്ന വസ്തുതയും തുടർന്ന് 02/06/2014 മുതൽ UPST ആയി മാറ്റി നിയമിച്ചിരുന്നു എന്നുള്ള വസ്തുതയും ഡി.ഇ.ഒ. പരിഗണിച്ചില്ല. സർവ്വോപരി, തന്റെ നിയമനം 2019-20 മുതൽ വരുന്ന ഒഴിവുകളിൽ മാത്രം നൽകിയാൽ മതിയെന്ന് ശ്രീമതി അശ്വതി ഒരു സമ്മതപത്രം മാനേജർക്കും ഡി.ഇ.ഒ.യ്ക്കും സമർപ്പിച്ചിട്ടുള്ളതുമാണ്. അതേസമയം, 02/06/2014 തീയതി വച്ച് ശ്രീമതി അശ്വതിക്ക് നൽകിയതായി പറയപ്പെടുന്ന UPST നിയമന ഉത്തരവ് കൃത്രിമമായി സൃഷ്ടിച്ച ഒന്നാണെന്ന് കാണുന്നു. 02/06/2014 വച്ചുള്ള ടിയാളുടെ നിയമന ഉത്തരവ് രണ്ടു വർഷവും ഒരു മാസവും 24 ദിവസവും കഴിഞ്ഞ്, 25/07/2016-ൽ മാത്രമാണ് ഡി.ഇ.ഒ. ഓഫീസിൽ കിട്ടിയതെന്നുള്ളതും ഇതിനു തെളിവാണ്. ഇതുകൊണ്ടുതന്നെ ഈ നിയമനം ഡി.ഇ.ഒ. തള്ളിക്കളഞ്ഞിരുന്നു. (02/06/2014 വച്ചുള്ള ടിയാളുടെ നിയമനം 2016-ൽ ഡി.ഇ.ഒ.യുടെ പ്രയോറിറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വിവരങ്ങൾ, വിവരാവകാശ നിയമപ്രകാരം ലഭ്യമായത് ഉൾക്കൊള്ളിക്കുന്നു.) ഞാൻ ഓവർ ഏജ് ആകയാൽ 2014-15-നു ശേഷം എനിക്ക് നിയമനം നൽകാനാകാത്തതിനാൽ 2014-15-ലുണ്ടായ ശ്രീമതി ദേവിദേവിന്റെ പ്രൊമോഷൻ ഒഴിവിൽ എന്നെ നിയമിക്കാൻ അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് 20/11/2017-ൽ മാനേജർ ബഹു. ഗവൺമെന്റിന് മുന്നിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ഞാനുൾപ്പെടെ നിയമനാംഗീകാരം കിട്ടാത്ത യു.പി.എസ്.റ്റി.മാരാരും 51എ അവകാശം സിദ്ധിച്ചിട്ടുള്ളവരല്ല. മാത്രമല്ല, 05/06/2013 മുതൽ എൽ.ജി.ഹിന്ദിയായും 02/06/2014 മുതൽ യു.പി.എസ്.റ്റി. ആയും നിയമിക്കപ്പെട്ട് സർവ്വീസ് ബ്രേക്കില്ലാതെ തുടർന്നുവരുന്ന ഞാൻ ശ്രീമതി അശ്വതിയെക്കാൾ നിയമന സീനിയോറിറ്റിയുള്ളയാണ്. അതുകൊണ്ടുതന്നെ 2014-15-ൽ നിലവിൽ വന്ന ശ്രീമതി ദേവിദേവ് യു.പി.എസ്.റ്റി.യുടെ പ്രൊമോഷൻ ഒഴിവിൽ നിയമന സീനിയോറിറ്റി പ്രകാരവും ഓവർ ഏജ് ആകാൻ

പോകുന്നയാൾ എന്ന പരിഗണന പ്രകാരവും എനിക്കാണ് മുൻഗണന കിട്ടേണ്ടത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹു.ഹൈക്കോടതിയിൽ ഞാൻ റിട്ട് ഹർജി 19819/2021 ഫയൽ ചെയ്യുകയും ബഹു.കോടതി ഇത് ഗവൺമെന്റിന് ഹിയറിംഗ് നടത്തി തീരുമാനമെടുക്കാനായി വിട്ടു നൽകുകയും ചെയ്തിരുന്നു. 30/11/2021-ൽ നടന്ന മേൽപ്പറഞ്ഞ ഹിയറിംഗിൽ ഇപ്പോഴത്തെ പരാതിക്കാരിയായ ശ്രീമതി എം.എസ്.അശ്വതിയും അവരുടെ അഡ്വക്കേറ്റും പങ്കെടുക്കുകയും അവർക്ക് പറയാനുള്ളതെല്ലാം കൂടി കേട്ടശേഷമാണ് ഈ സ്കൂളിൽ 2013-14 മുതൽ ഇങ്ങോട്ട് നിയമനം ക്രമീകരിക്കാൻ ബാക്കിയുണ്ടായിരുന്ന യു.പി.എസ്.റ്റി.മാരുടെ നിയമന സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയത്. ഈ ഉത്തരവിൽ ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ, ശ്രീമതി അശ്വതി എന്നിങ്ങനെയാണ് 2013-14 മുതലുള്ള നിയമന സീനിയോറിറ്റി ക്രമപ്പെടുത്തിയിട്ടുള്ളത്.

ടി ഉത്തരവിനെതിരെ ഏകദേശം മൂന്നു വർഷമാകാറായപ്പോൾ വീണ്ടും നിയമന സീനിയോറിറ്റി റിവൈസ് ചെയ്യണമെന്ന പരാതിക്കാരിയുടെ ആവശ്യം ഒരുതരത്തിലും പരിഗണനാർഹമല്ലെന്ന് ബോധിപ്പിക്കട്ടെ. 06/01/2022-ലെ ഉത്തരവിൽ ഗവൺമെന്റ് നിർണയിച്ചിട്ടുള്ള നിയമന സീനിയോറിറ്റിക്രമത്തിൽ നിയമനം നടത്തി ക്രമീകരിക്കാൻ മാനേജർക്ക് വീണ്ടും നിർദ്ദേശം നൽകണമെന്നും ശ്രീമതി അശ്വതി എം.എസ്.ന്റെ പരാതി നിലനിൽക്കത്തക്കതല്ലെന്ന് കണ്ട് തള്ളിക്കളയണമെന്നും അപേക്ഷിക്കുന്നു. ബന്ധപ്പെട്ട എല്ലാവരുടെയും വാദഗതികൾ കേട്ടശേഷം, എല്ലാ കക്ഷികളും ഹാജരാക്കിയ രേഖകൾ പരിശോധിച്ച്, വസ്തുതകൾ ആഴത്തിൽ വിലയിരുത്തിയശേഷം ബന്ധപ്പെട്ടവരുടെ നിയമന സീനിയോറിറ്റി അന്തിമമായി നിശ്ചയിച്ച്, 06/01/2022-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച മേൽപ്പറഞ്ഞ ഉത്തരവ്, ഒരു കാര്യവും കൂടാതെ, 3 വർഷമാകാറാകുന്ന സമയത്ത് വീണ്ടും റിവൈസ് ചെയ്യണമെന്നാവശ്യപ്പെടുന്നത്, ബോധപൂർവ്വം എന്റെ നിയമന സീനിയോറിറ്റി, ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ച്, അട്ടിമറിക്കാൻ വേണ്ടിയാണെന്ന് ബോധിപ്പിക്കട്ടെ. 06/01/2022-ലെ മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവ് പ്രകാരം യു.പി.എസ്.റ്റി.മാരുടെ നിയമനം ക്രമീകരിക്കാൻ മാനേജർക്ക് കഴിയാതെ പോയത് ടി ഉത്തരവിൽ പറഞ്ഞിട്ടുള്ള ആദ്യപേരുകാരിയായ ശ്രീമതി ആശാറാണി യു.പി.എസ്.റ്റി.ക്ക് നിയമനം നൽകുന്നതിലുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങളാണെന്നും ബോധിപ്പിക്കട്ടെ.

**4. കടയ്ക്കാവൂർ എസ്.എസ്.പി.ബി. എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. ശ്രീമതി ആശാറാണി റ്റി.സി. ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.ൽ 16/07/2012 മുതൽ സ്ഥിരം യു.പി.എസ്.റ്റി. ആയി എനിക്ക് നിയമനം ലഭിക്കുകയും അന്നുമുതൽ തുടർച്ചയായി ജോലി ചെയ്തു വരുന്നുണ്ടെങ്കിലും നാളിതുവരെ അർഹമായ രീതിയിൽ നിയമനാംഗീകാരം ലഭിക്കുകയുണ്ടായിട്ടില്ല. 2011-12 വർഷത്തിൽ വിദ്യാർത്ഥികളിലുണ്ടായ വർദ്ധനവ് അനുസരിച്ച് മേൽപ്പടി വിദ്യാലയത്തിൽ ഹൈസ്കൂൾ വിഭാഗത്തിലും പ്രൈമറി വിഭാഗത്തിലും ആയി ഒട്ടനവധി അധികഡിവിഷനുകളും അധികതസ്തികകളും ലഭിക്കുമെന്ന ധാരണയിൽ മാനേജർ അനേകം നിയമനം നടത്തുകയുണ്ടായി. എന്നാൽ സർക്കാർ ഉത്തരവ്(പി)

199/2011/പൊവിവ തീയതി 01/10/2011 അനുസരിച്ച് 2010-11 തസ്തിക നിർണയം തന്നെ 2011-12-ലും അതുപോലെ തുടർവർഷങ്ങളായ 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലും വിവിധ ഉത്തരവുകളുമായി നിലനിന്നുപോന്നു.

പിന്നീട് സർക്കാർ ഉത്തരവ്(പി)29/2016/പൊവിവ തീയതി 29/01/2016 അനുസരിച്ച് തസ്തികനിർണയം നടത്തപ്പെട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ അതാതുകാലത്ത് അംഗീകൃത ഒഴിവുകൾ സ്ഥാപിതമായിട്ടുണ്ടെങ്കിൽ അംഗീകരിച്ചു നൽകുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഇപ്രകാരം എന്റെ വിദ്യാലയത്തിൽ എന്നോടൊപ്പം നിയമിതരായ ആറോളം യു.പി.എസ്.റ്റി.മാരുടെ നിയമനമാണ് 2012-2013 കാലയളവിൽ അംഗീകാരത്തിനായി പരിഗണിക്കേണ്ടിയിരുന്നത്. അതിൽ തസ്തികയുടെ ലഭ്യത അനുസരിച്ച് എന്നെപ്പോലെ നിയമിതരായവരിൽ എനിക്കൊഴികെ മറ്റ് അഞ്ചുപേർക്കും (ചുവടെ കൊടുത്തിട്ടുള്ള പട്ടികയിലെ ക്രമനമ്പർ 1 മുതൽ 6 വരെ കണ്ടാലും) 16/07/2012 തീയതി മുതൽ തുടർച്ചയായി നിയമനാംഗീകാരം അനുവദിക്കുകയുണ്ടായി.

| Sl. No. | Nature of Vacancy | Appointment Details | Name of Appointee | Date of Birth | Remarks |
|---|---|---|---|---|---|
| 1 | Promotion | 04/06/2012 onwards | Sreeji G.S. | 20/04/1986 | 51B - Approved |
| 2 | Promotion (Addl. post) | 16/07/2012 onwards | Mini S. | 25/05/1972 | Approved |
| 3 | Promotion (Addl. post) | 16/07/2012 onwards | Deepa Raveendran | 26/05/1973 | Approved |
| 4 | Promotion (Addl. post) | 16/07/2012 onwards | Asha Rani T.C. | 20/05/1974 | Approved from 16/07/2012 to 14/07/2013 only |
| 5 | Promotion (Addl. post) | 16/07/2012 onwards | Bindu Lekshmi | 13/10/1976 | Approved |
| 6 | Promotion (Addl. post) | 16/07/2012 onwards | Indu B.S. | 25/03/1982 | Approved |
| 7 | Promotion (Retirement) | 31/07/2013 onwards | Sreela R.V. | 30/04/1981 | Approved |
| 8 | Promotion (Retirement) | 31/07/2013 onwards | Rahul S. | 31/05/1985 | Approved |

ഈ വിദ്യാലയത്തിലെ യു.പി.എസ്.ടി. ശ്രീമതി ജയലക്ഷ്മിയുടെ എച്ച്.എസ്.ടി. സ്ഥാനക്കയറ്റ ഒഴിവിൽ ആയിരുന്നു 16-07-2012 മുതൽ സ്ഥിരം പ്രൊബേഷനറി യു.പി.എസ്.ടി. ആയി എന്നെ നിയമിച്ചിരുന്നത്. ശ്രീമതി ജയലക്ഷ്മിയുടെ എച്ച്.എസ്.ടി. ഗണിതം അധികതസ്തിക ഒഴിവ് 2013-14 വർഷം നിലനിൽക്കുന്നില്ല എന്നതിനാൽ ടി സ്ഥാനക്കയറ്റ നിയമനം 14-07-2013 വെച്ച് പരിമിതപ്പെടുത്തിയാണ് അംഗീകരിച്ചിരുന്നത്. തന്മൂലം മേല്പടി സ്ഥാനക്കയറ്റ ഒഴിവിലെ എന്റെ നിയമനവും 16-07-2012 മുതൽ 14-07-2013 വരെ എന്ന് പരിമിതപ്പെടുത്തിയാണ് അംഗീകരിച്ചത്. പ്രഥമദൃഷ്ടിയാൽ പ്രവൃത്തി നിയമവിധേയമാണ് എന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ ആറ്റിങ്ങൽ ഡിഇഒ എടുത്ത നിലപാട് നിയമവിരുദ്ധമായി നിലനിൽക്കുന്നു എന്നുള്ള വസ്തുത താഴെപ്പറയുന്ന നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നതാണ്.

1) സ്ഥിരം തസ്തികളിൽ അതായത് പ്രത്യേക കാലപരിധിയില്ലാത്ത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് നൽകേണ്ട നിയമനാംഗീകാരം 'നിയമനത്തീയതി മുതൽ തസ്തിക നിലനിൽക്കുന്നതുവരെ' എന്ന രീതിയിലാണ് അനുവദിക്കേണ്ടിയിരുന്നത്. അതായത് സ്ഥിരനിയമനം നടന്നിട്ടുള്ള ഒഴിവ് തുടർവർഷങ്ങളിൽ നഷ്ടപെടുന്ന സാഹചര്യം ഉണ്ടായാലും പ്രസ്തുത ജീവനക്കാരന് കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരം അർഹമായ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉൾക്കൊള്ളുവാൻ ഒരു അംഗീകൃത തസ്തികയും ഒഴിവും നിലനിൽക്കുന്നിടത്തോളം കാലം പ്രസ്തുത ജീവനക്കാരന് സേവനത്തിൽ തുടരുവാനുള്ള അർഹത ആണ് നിയമനാംഗീകാര ഉത്തരവിലൂടെ അനുവദിച്ചു നൽകുന്നത് ഇപ്രകാരം 'നിയമനത്തീയതി മുതൽ തസ്തിക നിലനിൽക്കുന്നത് വരെ' നിയമന അംഗീകാരം ലഭിച്ചിട്ടുള്ളവർ സേവനത്തിൽ തുടരവെ വരുംവർഷങ്ങളിൽ തസ്തികയുടെ കുറവുമൂലം അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ ഉണ്ടാകുന്നപക്ഷം കെ.ഇ.ആർ. അദ്ധ്യായം XIVA ചട്ടം 34,37 എന്നിവയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റി പരിഗണിച്ച് ഏറ്റവും ജൂനിയറായ അധ്യാപകനെയാണ് പുറത്താക്കപ്പെടേണ്ടത്. എന്നാൽ ഈ നിയമം പാലിക്കാതെ ഒരേതീയതിയിൽ എന്നോടൊപ്പംതന്നെ യു.പി.എസ്.ടി. നിയമനം ലഭിച്ച സഹപ്രവർത്തകരിൽ പ്രായംകൊണ്ട് എന്നെക്കാൾ ജൂനിയറായി നിലനിൽക്കുന്ന ശ്രീമതി ബിന്ദുലക്ഷ്മി ജെ., ശ്രീമതി ഇന്ദു ബി.എസ്. എന്നിവരെ യു.പി.എസ്.റ്റി. തസ്തികയിൽ തുടരാൻ അനുവദിക്കുകയും മേൽപ്പടി രണ്ട് അധ്യാപകരെക്കാൾ കെ.ഇ.ആർ. നിബന്ധനകൾ പ്രകാരം സീനിയർ ആയ എന്നെ 15-07-2013 തീയതി പ്രാബല്യത്തിൽ പുറത്താക്കുകയും ചെയ്ത നടപടിക്ക ചട്ടങ്ങളുടെ പിൻബലമില്ല എന്നതിനാൽ നിയമവിരുദ്ധമായി നിലനിൽക്കുന്നു.

2) 2013-14 വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിലെ 2 എച്ച്.എസ്.ടി. (മലയാളം) അധ്യാപകരുടെ വിരമിക്കൽ ഒഴിവ് ഉണ്ടായിരുന്നിട്ടും ആ ഒഴിവിലേക്ക് കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 43 അവകാശികളായ ശ്രീമതി ശ്രീദേവി അമ്മ, ശ്രീ.ജയശങ്കർ എന്നിവർക്ക് യഥാർത്ഥ സമയം സ്ഥാനക്കയറ്റ നിയമനം നൽകിയിരുന്നു എങ്കിൽ എന്നെ ഉൾകൊള്ളുന്നതിനായി സ്ഥാപിത ഒഴിവ് സംജാതമാകുകയും ഇത്തരം നിയമ പ്രശ്നങ്ങള കൂടാതെ തുടർന്ന് വരുവാനും കഴിയുമായിരുന്നു. എന്നാൽ യഥാസമയത്തു സ്ഥാനക്കയറ്റ നിയമനം നൽകുന്നതിന് പകരം 31-07-2013 തീയതി പ്രാബല്യത്തിൽ മാത്രം ആണ്

സ്ഥാനക്കയറ്റം നൽകിയെന്നതിനാൽ 31-07-2013 സംജാതമായ രണ്ട് യു.പി.എസ്.ടി തസ്തികകളിലേക്ക് മാനേജർ ശ്രീമതി ശ്രീല ആർ.വി.യെയും ശ്രീ.രാഹുൽ എസ്.നെയും പുതുതായി നിയമിക്കുകയാണുണ്ടായത്. അതായത് 16-07-2012 മുതൽ 14-07-2013 വരെ മാത്രമേ എനിക്ക് യു.പി.എസ്.ടി നിയമനാംഗീകാരം അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ എന്നെ കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 51A അവകാശിയായി കണക്കാക്കാൻ ആവില്ല (ഒരു അക്കാദമികവർഷ സേവനം ഇല്ല എന്നതിനാൽ) എന്ന വാദം ഉന്നയിച്ച് എന്റെ വിദ്യാലയത്തിൽ 31-07-2013-ന് ഉണ്ടായ രണ്ട് യു.പി.എസ്.ടി. ഒഴിവുകളിൽ ഒന്നിലേക്കുപോലും എന്നെ പരിഗണിക്കുക ഉണ്ടായില്ല.

എന്റെ നിയമനാംഗീകാര വിഷയത്തിൽ കൂടുതൽ വ്യക്തത നൽകുന്നതിനായി താഴെ വിവരിക്കുന്ന വസ്തുതകളിലേക്ക് കൂടി അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

A) എന്റെ വിദ്യാലയത്തിൽ 2012-2013 മുതൽ നിയമിക്കപ്പെട്ടവർ മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിൽ ഉൾപെടുന്നവരാണ്. ഇതിൽ ക്രമനമ്പർ ഒന്നൊഴികെ മറ്റെല്ലാവരുടെയും നിയമനത്തീയതി ഒന്നാണ് എന്ന് കണ്ടാലും. (അതായത് 16-07-2012 ആണ്). 2012-13 വർഷത്തിൽ തസ്തിക നിർണ്ണയം നടക്കാതിരുന്നതിനാലും അധിക തസ്തികകളിലെ നിയമനങ്ങൾക്ക് നിരോധനം നിലനിന്നിരുന്നതിനാലും മേൽപ്പറഞ്ഞ എല്ലാ അധ്യാപകരും അക്കാലത്ത് അംഗീകാരമില്ലാതെ തുടർന്നു പോന്നിരുന്നു. പിന്നീട് മുൻ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് പോലെ സർക്കാർ ഉത്തരവ് (പി) 29/2016/ പൊ.വി.വ തീയതി 29-01-2016 അനുസരിച്ച് ആണ് തസ്തിക നിർണയവും നിയമനാംഗീകരവും അനുവദിച്ചിട്ടുള്ളത്.

B) അധികതസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി ജയലക്ഷ്മിയുടെ എച്ച്.എസ്.ടി നിയമനാംഗീകാരം 14-07-2013 വരെ നിജപ്പെടുത്തി 15-07-2013-ൽ യു.പി.എസ്.ടി.യായി തിരിച്ച് ഇറക്കിയ നടപടി ക്രമപ്രകാരമാണ്. എന്നാൽ അതിന്റെ പരിണതഫലമായി തസ്തികയില്ലാതെ പുറത്തു പോകേണ്ടിയിരുന്ന ഏറ്റവും ജൂനിയർ ആയ അധ്യാപിക ആരെന്ന് കണ്ടെത്തുവാൻ വകുപ്പ് തയ്യാറാകാതെ പകരം ശ്രീമതി ജയലക്ഷ്മിയുടെ റിവേർഷൻമൂലം അതിന്റെ തുടർച്ചയായി എനിക്കുള്ള നിയമന അംഗീകാരവും 14-07-2013 നിജപ്പെടുത്തിയത് മൂലമാണ് എനിക്ക് നീതി നിഷേധിക്കപ്പെട്ടത്. അല്ലാത്തപക്ഷം കെ.ഇ.ആർ. ചട്ടപ്രകാരമുള്ള സീനിയോറിറ്റിക്രമത്തിൽ മേല്പടി അഞ്ചുപേരിൽ മൂന്നാമത്തെ യു.പി.എസ്.ടി. ആയി ഞാൻ സേവനത്തിൽ നിലനിൽക്കുമായിരുന്നു.

C) ഇത്തരം നിയമവ്യവസ്ഥ വകുപ്പ് അധികാരികളുടെ മുൻപാകെ അവതരിപ്പിച്ച ബോദ്ധ്യപ്പെടുത്തി എനിക്ക് അർഹമായ പ്രൊബേഷനറി നിയമനാംഗീകാരം 16-07-2012 മുതൽ തസ്തിക നിലനിൽക്കുന്നത് വരെ എന്നാക്കി നേടിയെടുക്കുവാൻ നീണ്ട 12 വർഷത്തെ നിയമപോരാട്ടം വേണ്ടിവന്നു എന്നത് തന്നെ എന്റെ വിഷയത്തിൽ 51A അവകാശവുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണാജനകമായ റിപ്പോർട്ടുകൾ ഉണ്ടായി എന്നത് തന്നെയാണ്. ഇപ്പോൾ ഹർജിക്കാരിയായ ശ്രീമതി എം.എസ്.അശ്വതി ഉന്നയിച്ചിട്ടുള്ള വാദവും ഞാൻ 51എ അവകാശി ആകുന്നില്ല എന്നതാണ്.

ഒരു അക്കാദമിക വർഷ സേവനം ഇല്ല എന്നതിനാൽ ഞാൻ 51എ അവകാശി അല്ല എന്ന് വാദിച്ചുകൊണ്ടു അധികാരികളെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള

ശ്രമമാണ് ഇവിടെ നടക്കുന്നത്. ഞാൻ 51A അവകാശി അല്ല എന്നുള്ളത് എനിക്ക് തന്നെ അറിയാവുന്നതും സ്ഫടികം പോലെ വളരെ വ്യക്തവുമാണ്. എന്നാൽ എനിക്ക് സർക്കാർ ഉത്തരവുകളും ചട്ടങ്ങളും നിർദേശിക്കുന്ന രീതിയിൽ 16-07-2012 മുതൽ തുടർച്ചയായ പ്രൊബേഷനറി നിയമനാംഗീകാരം ലഭിക്കേണ്ടതും ശേഷം 15-07-2013-നു തസ്തികനഷ്ടം വന്നു പുറത്തു പോകേണ്ട അദ്ധ്യാപികയെ കണ്ടെത്തുന്നതിന് കെ.ഇ.ആർ അദ്ധ്യായം XIVA ചട്ടം 37 പ്രകാരം ഉള്ള സീനിയോറിറ്റി നിർണ്ണയിച്ച് ജൂനിയറിനെ കണ്ടെത്തുകയുമായിരുന്നു വകുപ്പ് ചെയ്യേണ്ടിയിരുന്നത് എന്നത് മൂടിവെക്കപ്പെട്ട യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

D) യഥാർത്ഥത്തിൽ എല്ലാ വർഷവും ജനുവരി 01 പ്രാബല്യത്തിൽ സീനിയോറിറ്റി ലിസ്റ്റ് പുതുക്കപ്പെടേണ്ടതാണെന്ന കെ.ഇ.ആർ അദ്ധ്യായം XIVA ചട്ടം 34-ലെ വ്യവസ്ഥ പരിഗണിച്ചാൽ 01-01-2013 പ്രാബല്യത്തിൽ ഉള്ള സീനിയോറിറ്റി ലിസ്റ്റിൽ എന്റെ സ്ഥാനം ജനനത്തീയതി അടിസ്ഥാനത്തിൽ ശ്രീമതി ഇന്ദുവിന്റെയും ശ്രീമതി ബിന്ദു ലക്ഷ്മിയുടെയും മുകളിലായി നിലനിൽക്കുന്നതാണ്. വളരെ വൈകി ആണെങ്കിലും ഈ വസ്തുത പൂർണമായും മനസ്സിലാക്കിയതിനുശേഷം ആണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നമ്പർ ഇ.ടി5/9432/2021/ഡിജിഇ തീയതി 04-07-2024 പ്രകാരം താഴെ പറയുന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി എനിക്ക് തുടർച്ചയായ നിയമനാംഗീകാരം അനുവദിക്കുവാൻ ഉത്തരവായിട്ടുള്ളത്.

<u>ഉത്തരവിലെ നിർദേശങ്ങൾ</u>

എ ) 16-07-2012 മുതൽ വ്യത്യസ്ത ഒഴിവുകളിൽ സ്ഥിരം യു.പി.എസ്.ടി നിയമനം ലഭിച്ച ASHA RANI T.C. ജനനത്തീയതി 20-05-1974, BINDU LEKSHMI J. ജനനത്തീയതി 13-10-1976, INDU B.S. ജനനത്തീയതി 25-03-1982. അതുപോലെ 31-07-2013 മുതൽ വ്യത്യസ്ത ഒഴിവുകളിൽ സ്ഥിരം യു.പി.എസ്.ടി. നിയമനം ലഭിച്ച SREELA R.V. ജനനത്തീയതി 30-04-1981, RAHUL S. ജനനത്തീയതി 31-05-1985 എന്നിവർക്ക് തുടർച്ചയായ നിയമനാംഗീകാരം അനുവദിക്കുകയും ശേഷം തസ്തിക നഷ്ടം വരുന്ന ഘട്ടത്തിൽ കെ.ഇ.ആർ അദ്ധ്യായം XIVA ചട്ടം 37 സീനിയോറിറ്റി പ്രകാരമുള്ള ഏറ്റവും ജൂനിയറിനെ സംരക്ഷണാനുകൂല്യം ഇല്ലാത്തപക്ഷം പുറത്താക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള നടപടി എടുക്കുമ്പോൾ ചട്ടാനുസരണം പ്രായംകൊണ്ട് ഉയർന്ന സീനിയോറിറ്റി ലഭ്യമാകുന്ന ശ്രീമതി ASHA RANI T.C.ക്ക് 16-07-2012 മുതൽ തുടർച്ചയായി നിലനിൽക്കുവാനുള്ള അർഹത കൈവരിക്കും എന്നതിനാൽ ഈ ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനകം ടിയാൾക്ക് അർഹമായ നിയമനാംഗീകാരവും തുടർന്നുള്ള ശമ്പള ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകുന്നു.

ബി) 2011-12 മുതൽ നാളിതുവരെ നടത്തിയിട്ടുള്ള തസ്തിക നിർണയങ്ങളിൽ മേൽ ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള 05 യു.പി.എസ്.ടി.മാരിൽ (ക്രമനമ്പർ 2 മുതൽ 6 വരെ) തസ്തിക നഷ്ടത്താൽ പുറത്താക്കപ്പെടേണ്ടവരുടെ വിവരങ്ങൾ പരിശോധിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം സേവന ആനുകൂല്യങ്ങൾ ക്രമീകരിക്കുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം ആറ്റിങ്ങൽ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തുന്ന ക്രമീകരണം ശരിയെന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും തുടർന്ന് ആയതിന്മേലുള്ള ഒരു വിശദറിപ്പോർട്ട് ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കേണ്ടതുമാണ്. ഈ പ്രവൃത്തികൾ ഉത്തരവ് തീയതി മുതൽ 03 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ് എന്നും നിർദേശം നൽകുന്നു.

സി) മേൽ പരാമർശിത ക്രമീകരണശേഷം അനർഹമായി ശമ്പളം കൈപ്പറ്റിയതായി കണ്ടെത്തുന്ന ജൂനിയർ അധ്യാപകർക്ക് ഈ വിഷയത്തിൽ ഉണ്ടാകുന്ന അന്തിമ തീരുമാനത്തിന് അനുസൃതമായി ശമ്പള പുന:ക്രമീകരണം നടക്കുന്നതുവരെ ഒരു തരത്തിലുമുള്ള അടിസ്ഥാന ശമ്പളവർദ്ധനവും അനുവദിക്കരുത് എന്ന് കൂടി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകുന്നു. ഇപ്രകാരം റിട്ട് ഹർജി നമ്പർ 25031/2021-ലെ 12-11-2021 തീയതി വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

ഇതിനെല്ലാം പുറമെ സർക്കാർ ഉത്തരവ് (സാധാ)നം.5533/2019/പൊ.വി.വ തീയതി 18-12-2019-ലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.ഇ.ആർ. ചട്ടങ്ങളെയും കോടതി വിധികളെയും സൂക്ഷ്മമായി വിശകലനം ചെയ്തുകൊണ്ട് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിലൂടെ സീനിയർ നിയമനാർത്ഥിയുടെ നിയമനം ക്രമവത്കരിക്കാതെ ഒരു ജൂനിയറിന്റെ നിയമനം അംഗീകരിക്കാനാവില്ല എന്നും അനിവാര്യമായ ഘട്ടത്തിൽ ലാവണക്രമീകരണം നടത്തി നിയമനാംഗീകാരം അനുവദിക്കുവാൻ വരെ നിർദേശിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ എന്നെക്കാൾ വളരെ ജൂനിയർ നിയമനാർത്ഥിയായ ഹർജിക്കാരിയുടെ വാദങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ല എന്ന് കണ്ട് തള്ളിക്കളയണമെന്നും നിയമാനുസരണം എനിക്ക് ലഭിക്കേണ്ട നിയമനാംഗീകാരവും നിയമന തുടർച്ചയും അനുവദിച്ചുകൊണ്ട് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് താമസംവിനാ നടപ്പാക്കി നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകണമെന്നും അപേക്ഷിക്കുന്നു.

**5. കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ മാനേജർ ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

31/07/2013-ൽ മുൻ മാനേജർ ശ്രീമതി അശ്വതി എം.എസ്.നെ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കാതെ പോവുകയും ഉണ്ടായി തുടർന്ന് 02/06/2014-ൽ കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി ദേവീ ദേവ്-ന് പ്രൊമോഷൻ ലഭിക്കുന്ന ഒഴിവിൽ ശ്രീമതി അശ്വതി എം.എസ്.നെ നിയമിക്കുകയും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതു പലകാരണങ്ങളായി നിരസിച്ചു. വർഷങ്ങൾക്കുശേഷം നിരവധി അപ്പീലുകൾക്കു ശേഷമാണ് ശ്രീമതി ദേവീദേവിന് 12/08/2021-ൽ പ്രൊമോഷൻ ലഭിച്ചത്.

ബഹു:ഹൈക്കോടതിയുടെ ഡബ്ല്യുപി(സി)നം.5155/2020 ഉത്തരവ് പ്രകാരമാണ് വീണ്ടും ശ്രീമതി അശ്വതി എം.എസ്.ന് 02/06/2014 മുതലുള്ള നിയമന പ്രൊപ്പോസൽ

പുന:സമർപ്പിച്ചത്. ആയതു ഓർഡർ നമ്പർ ബി2/28463/2021/ഡിഇഒ തീയതി 17/08/2021-ൽ നിരസിച്ചു.

<u>നിരസിക്കാനുണ്ടായ കാരണങ്ങൾ</u>

1) 16/07/2012 മുതൽ 14/07/2013 വരെ നിയമനാംഗീകാരം ലഭിച്ച ശ്രീമതി ആശാറാണി റ്റി.സി. പുനർനിയമനം ലഭിക്കാതെ നിൽക്കുകയാണ്.

2) 31/07/2013-ന് യു.പി.എസ്.റ്റി. ആയി നിയമനാംഗീകാരം ലഭിച്ച ശ്രീ.രാഹുൽ എസ്. 15/07/2014 മുതൽ തസ്തിക ഇല്ലാതെ നിൽക്കുന്നു.

22/04/2024-ന് ശ്രീമതി ആശാറാണി റ്റി.സി.യുടെ തുടർനിയമനവുമായി ബന്ധപ്പെട്ട് ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിംഗ് നടത്തുകയുണ്ടായി. ഉത്തരവ് നമ്പർ ഇ.റ്റി.5/9432/2021/ഡിജിഇ തീയതി 04/07/2024-ൽ 2011-12 മുതൽ നിയമിച്ചവരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ക്രമീകരിക്കാനാണ് പറഞ്ഞിരിക്കുന്നത്. അപ്രകാരം ക്രമീകരിക്കുമ്പോൾ സീനിയറായ ശ്രീമതി ആശാറാണി റ്റി.സി. 2012 മുതൽ തുടർച്ചയായി നിലനിൽക്കുകയും 2012-ൽ നിയമനാംഗീകാരം ലഭിച്ച ജൂനിയർ ശ്രീമതി ഇന്ദു ബി.എസ്.നെ 2013-ലെ തസ്തികയിൽ ക്രമീകരിക്കുകയും, 2013-ൽ നിയമനാംഗീകാരം ലഭിച്ച ജൂനിയർ ശ്രീ.രാഹുൽ എസ്. 2014-ലെ ശ്രീമതി ദേവീദേവിന്റെ എച്ച്.എസ്.എ. പ്രൊമോഷൻ തസ്തികയിൽ നിലനിൽക്കുകയും ചെയ്യും. അതിനാൽ ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ.റ്റി.5/9432/2021/ഡിജിഇ തീയതി 04/07/2024 പ്രകാരം 2014-ലെ ശ്രീമതി ദേവിദേവിന്റെ എച്ച്.എസ്.എ. പ്രൊമോഷൻ തസ്തിക 2014-ൽ തസ്തിക നഷ്ടപ്പെട്ട് നിൽക്കുന്ന ശ്രീ.രാഹുൽ എസ്.ന് റൂൾ 51എ പ്രകാരം അർഹതയുള്ളതാണ്. അതിനാൽ ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ.റ്റി.5/9432/2021/ഡിജിഇ തീയതി 04/07/2024 അംഗീകരിച്ച്, 2014-ൽ തസ്തിക ഇല്ല എന്ന സാഹചര്യത്തിൽ ശ്രീമതി അശ്വതി എം.എസ്.നെ 17/09/2019 മുതൽ ശ്രീമതി റസിയബീഗം പി.യെ പുനർവിന്യസിച്ച ഒഴിവിൽ പുനർനിയമിക്കാനുള്ള നിർദ്ദേശം ബഹു.ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.

**6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ൽ ശ്രീമതി എം.എസ്.അശ്വതിയെ 31/07/2013-ൽ യു.പി.എസ്.റ്റി. ആയി മാനേജർ നിയമിക്കുകയും അപേക്ഷ സമർപ്പിക്കുകയും ടി നിയമനം ഒഴിവില്ലാത്തതുകൊണ്ടും, അപേക്ഷ 6 ദിവസം വൈകിയത് കൊണ്ടും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകുകയും ടി അപ്പീൽ അപേക്ഷയും നിരസിച്ചതിനെ തുടർന്ന്, 02/06/2014 മുതൽ ശ്രീമതി ദേവിദേവ് യു.പി.എസ്.റ്റി.ക്ക് എച്ച്.എസ്.റ്റി. (എസ്.എസ്) ആയി സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ യു.പി.എസ്.റ്റി.

തസ്തികയിൽ ശ്രീമതി അശ്വതി എം.എസ്.നെ മാറ്റി നിയമിച്ചു. എന്നാൽ, ശ്രീമതി ദേവിദേവിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീമതി അശ്വതി എം.എസ്.ന്റെ നിയമനം നിരസിക്കുകയുണ്ടായി.

ശ്രീമതി ദേവിദേവിന്റെ റിവിഷൻ അപ്പീൽ ഈ കാര്യാലയത്തിലെ 25/07/2021-ലെ ഇ.റ്റി5/8780/2020/ഡിജിഇ നമ്പർ അപ്പീൽ ഉത്തരവ് പ്രകാരം ടിയാൾക്ക് 02/06/2014 മുതൽ തസ്തിക നിലനിന്നിരുന്ന 14/07/2015 വരെ എച്ച്.എസ്.റ്റി. (എസ്.എസ്) ആയി നിയമനാംഗീകാരം നൽകുകയും ചെയ്തു. ടി ഒഴിവിൽ 02/06/2014 മുതൽ ശ്രീമതി അശ്വതി എം.എസ്.നെ യു.പി.എസ്.റ്റി. ആയി മാനേജർ നിയമിച്ചു. എന്നാൽ ടി നിയമനവും 16/07/2012 മുതൽ 14/07/2013 വരെ യു.പി.എസ്.റ്റി. ആയി നിയമനാംഗീകാരം ലഭിച്ച ശ്രീമതി ആശാറാണിക്ക് പുനർനിയമനം നൽകാത്തതിനാലും, 31/07/2013-ന് നിയമനം ലഭിച്ച ശ്രീമതി റീന എസ്.എൻ. നിയമനാംഗീകാരം ലഭിക്കാതെ പുറത്തു നില്ക്കുന്നതിനാലും നിരസിക്കുകയുണ്ടായി.

16/07/2012 മുതൽ വ്യത്യസ്ത ഒഴിവുകളിൽ സ്ഥിരം യു.പി.എസ്.റ്റി. നിയമനം ലഭിച്ച ശ്രീമതി ആശാറാണി റ്റി.സി. (ജനനത്തീയതി 20/05/1974), ശ്രീമതി ബിന്ദുലക്ഷ്മി ജെ. (ജനനത്തീയതി 13/10/1976), ശ്രീമതി ഇന്ദു ബി.ജെ., 31/07/2013 മുതൽ വ്യത്യസ്ത ഒഴിവുകളിൽ സ്ഥിരം യു.പി.എസ്.റ്റി. നിയമനം ലഭിച്ച ശ്രീമതി ശ്രീല ആർ.വി., ശ്രീ.രാഹുൽ എസ്. എന്നിവർക്ക് തുടർച്ചയായ നിയമനാംഗീകാരം അനുവദിക്കുകയും ശേഷം തസ്തിക നഷ്ടം വരുന്ന ഘട്ടത്തിൽ കെ.ഇ.ആർ. അധ്യായം XIV A ചട്ടം 37 പ്രകാരമുള്ള ഏറ്റവും ജൂനിയറിനെ സംരക്ഷണാനുകൂല്യം ഇല്ലാത്തപക്ഷം പുറത്താക്കേണ്ടതാണെന്നും ഇപ്രകാരമുള്ള നടപടി എടുക്കുമ്പോൾ ചട്ടാനുസരണം പ്രായംകൊണ്ട് ഉയർന്ന സീനിയോറിറ്റി ലഭ്യമാകുന്ന ശ്രീമതി ആശാറാണി റ്റി.സി.ക്ക് 16/07/2012 മുതൽ തുടർച്ചയായി നിലനിൽക്കുവാനുള്ള അർഹത കൈവരിക്കും എന്നതിനാൽ 04/07/2024-ലെ ഇ.റ്റി.5/9432/2021/ഡിജിഇ നമ്പർ നടപടി ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനകം ടിയാൾക്ക് അർഹമായ നിയമനാംഗീകാരവും തുടർന്നുള്ള ശമ്പള ആനുകൂല്യങ്ങളും അനുവദിച്ചു നൽകുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.

27/02/2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 2012-13 വർഷത്തിൽ നിയമനം ലഭിച്ചവരും എന്നാൽ ഇനിയും നിയമനാംഗീകാരം ലഭിക്കാത്തവരുടെ പ്രൊപ്പോസലുകൾ പരിഗണിച്ചശേഷം മാത്രമേ പുതിയ നിയമനങ്ങൾ പരിഗണിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ഇനിയും നിയമനം അംഗീകരിക്കാനുള്ള ശ്രീമതി ആശാറാണിയുടെ 15/07/2013 മുതൽ യു.പി.എസ്.റ്റി. ആയി നിയമനാംഗീകാരമില്ലാതെ തുടർന്നുവരുന്ന നിയമനം മാനേജർ ക്രമീകരിച്ചു നിയമിക്കുന്ന മുറയ്ക്ക് നൽകാവുന്നതാണ് എന്നും ശ്രീമതി ആശാറാണിയുടെ നിയമനം 16/07/2012 മുതൽ 14/07/2013 ലിമിറ്റ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട് എന്നുമാണ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ശ്രീ.രാഹുൽ എസ്.ന്റെ ജനനത്തീയതി 31/05/1985 ആണ്. ശ്രീമതി അശ്വതി എം.എസ്.ന്റെ ജനനത്തീയതി 31/05/1983 ആണ്. ഈ രണ്ടുപേർക്കും 31/07/2013 തീയതിയിലാണ് മാനേജർ നിയമനം നൽകിയിരിക്കുന്നത്. ഇവർ രണ്ടുപേരിൽ സീനിയർ ആയി പരിഗണിക്കേണ്ടത് ശ്രീമതി അശ്വതി എം.എസ്.നെയാണ് എന്നും അതിനാൽ ക്രമീകരിച്ച് നിയമിച്ച് മാനേജർ നടപടി ഉത്തരവ് നിയമനാംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ടെന്നും ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

**7.** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും 4,6,7 എതിർകക്ഷികളുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ യു.പി.എസ്.റ്റി. നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ്:

1. ഹർജിക്കാരിയെ മാനേജർ 31/07/2013 പ്രാബല്യത്തിൽ 2013-14-ലെ പ്രതീക്ഷിത അധിക തസ്തികയിൽ യു.പി.എസ്.റ്റി. ആയി നിയമിച്ചുവെങ്കിലും (എക്സിബിറ്റ് പി1), ടി നിയമന പ്രൊപ്പോസൽ അപൂർണമാണ്, പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ 6 ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്, ഒഴിവ് വ്യവസ്ഥാപിതമല്ല എന്നീ കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. (എക്സിബിറ്റ് പി2)
2. തുടർന്ന് ടിയാളെ മാനേജർ 31/05/2014-ലെ റിട്ടയർമെന്റ് ഒഴിവിൽ 02/06/2014 പ്രാബല്യത്തിൽ നിയമിച്ചുവെങ്കിലും (എക്സിബിറ്റ് പി3) മേല്പറഞ്ഞ അതേ കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. (എക്സിബിറ്റ് പി4)
3. ഹർജിക്കാരി 19/09/2019-ൽ സമർപ്പിച്ച ഹർജിയിന്മേൽ, ടി സ്കൂളിൽ 2012-13 അധ്യയന വർഷം മുതൽ നിയമിക്കപ്പെട്ട നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്ന ശ്രീമതി എം.എസ്.അശ്വതി ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെ നിയമനപ്രൊപ്പോസലുകൾ പരിഗണിച്ചശേഷം മാത്രമേ പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കാവൂ എന്ന് 01/02/2020-ലെ ജി.ഒ.(ആർ.റ്റി)നം.587/2020/പൊവിവ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. (എക്സിബിറ്റ് പി6)
4. തുടർന്ന് ശ്രീമതി അശ്വതി ഫയൽ ചെയ്ത ഡബ്ല്യുപി(സി)നം.5155/2020-ന്റെ 15/12/2020-ലെ വിധിന്യായത്തിന്റെ (എക്സിബിറ്റ് പി7) അടിസ്ഥാനത്തിലും ടിയാളുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.
5. പിന്നീട്, ശ്രീമതി അശ്വതി ഫയൽ ചെയ്ത ഡബ്ല്യുപി(സി)നം.18199/2021-ന്റെ

07/09/2021 തീയതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 16/07/2012 മുതൽ 14/07/2013 വരെ നിയമനാംഗീകാരം ലഭിച്ച ശ്രീമതി ആശാറാണി, നിയമനാംഗീകാരമില്ലാത്ത ശ്രീമതി ശ്രീജ, ശ്രീമതി അശ്വതി എന്നിവർക്ക് നിയമനം നൽകിയ സീനിയോറിറ്റിക്രമത്തിൽ 2014-15 മുതൽ ലഭ്യമാകുന്ന തസ്തികകളിൽ പുനർനിയമനം നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 06/01/2022 തീയതിയിൽ ജി.ഒ.(ആർ.റ്റി)നം.106/2022/പൊവിവ പുറപ്പെടുവിച്ചു. (എക്സിബിറ്റ് പി9)

6. ശ്രീമതി ശ്രീജ ആർ.എൽ. ഫയൽ ചെയ്ത ഡബ്ല്യുപി(സി)നം.19819/2021-ന്റെ 23/09/2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ, ശ്രീമതി അശ്വതി എന്നിവർക്ക് നിയമനം നൽകിയ സീനിയോറിറ്റി ക്രമത്തിൽ 2014-15 മുതൽ ലഭ്യമാകുന്ന തസ്തികകളിൽ പുനർനിയമനം നൽകുന്നതിന് 06/01/2022-ലെ ജി.ഒ.(ആർ.റ്റി)നം.110/2022/പൊവിവ പ്രകാരവും നിർദ്ദേശം നൽകിയിരുന്നു. (എക്സിബിറ്റ് പി10)
7. 06/01/2022 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ.(ആർ.റ്റി)നം.106/2022/പൊവിവ, ജി.ഒ.(ആർ.റ്റി)നം.110/2022/പൊവിവ എന്നിവയിൽ, 2014-15 വർഷത്തിൽ ശ്രീമതി റീനയുടെ പ്രായപരിധി കഴിഞ്ഞുപോയതിനാലും മുൻപ് നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും ടിയാളുടെ പുനർനിയമനം പരിഗണിക്കാനാകില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
8. ശ്രീമതി ആശാറാണിയുടെ നിയമനം 16/07/2012 മുതൽ 14/07/2013 വരെ ലിമിറ്റ് ചെയ്ത് അംഗീകരിച്ചിട്ടുണ്ടെന്നും, 15/07/2013 മുതൽ ടിയാളുടെ നിയമനം മാനേജർ ക്രമീകരിക്കുന്ന മുറയ്ക്ക് അംഗീകരിക്കാവുന്നതാണെന്നും, ശ്രീ.രാഹുലിന്റെ ജനനത്തീയതി 31/05/1985-ഉം ശ്രീമതി അശ്വതിയുടെ ജനനത്തീയതി 31/05/1983-ഉം ആണെന്നും, രണ്ടുപേർക്കും 31/07/2013-ൽ നിയമനം നൽകിയിട്ടുള്ളതിനാൽ ഇവരിൽ സീനിയറായി പരിഗണിക്കേണ്ടത് ശ്രീമതി അശ്വതിയെ ആണെന്നും, ടി ക്രമത്തിൽ ടിയാളുകളുടെ നിയമനം ക്രമീകരിച്ച് മാനേജർ നടപടി ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.
9. ശ്രീമതി അശ്വതിയെ 31/07/2013 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചുവെന്നും, 02/06/2014 മുതൽ ടിയാളെ റഗുലർ തസ്തികയിലേക്ക് മാറ്റിയിട്ടുള്ളതാണെന്നും, ശ്രീമതി അശ്വതിക്ക് മുൻപായി, ശ്രീമതി ആശാറാണിയുടെ നിയമനം പരിഗണിക്കണമെന്ന സർക്കാരിന്റെ തീരുമാനം നിയമപരമായി നിൽക്കാത്തതാണെന്നും, ശ്രീമതി ആശാറാണി 16/07/2012 മുതൽ 14/07/2013 വരെ സ്കൂളിൽ ജോലി ചെയ്തിരുന്നുവെങ്കിലും ടിയാൾക്ക് ഒരു വർഷത്തിൽ കുറഞ്ഞ സർവ്വീസേ ഉള്ളൂ എന്നതിനാൽ കെ.ഇ.ആർ. അധ്യായം

14എ ചട്ടം 51എ അവകാശം സിദ്ധിക്കുന്നതല്ലെന്നും, അത് അനുവദിച്ച് നൽകിയ ഡയറക്ടറുടെ നടപടി ബഹു:സുപ്രീം കോടതിവിധിക്ക് വിരുദ്ധമാണെന്നും, ശ്രീമതി ശ്രീജയുടെ നിയമനം 01/07/2014 മുതലും ശ്രീമതി അശ്വതിയുടെ നിയമനം 31/07/2013 മുതലും ആയതിനാൽ ശ്രീമതി ശ്രീജയുടെ നിയമനം പരിഗണിക്കേണ്ടത് ശ്രീമതി അശ്വതിയുടെ നിയമനം പരിഗണിച്ചതിനു ശേഷമാണെന്നും, ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ എന്നിവരെക്കാൾ മുൻഗണന ലഭിക്കേണ്ടത് ശ്രീമതി അശ്വതിക്കാണെന്നും, എച്ച്.എസ്.എ.(എസ്.എസ്) ആയിരുന്ന ശ്രീമതി ദേവിദേവിനെ 2015-16 അധ്യയനവർഷം യു.പി.എസ്.റ്റി. ആയി റിവേർട്ട് ചെയ്ത നടപടി ബഹു:ഹൈക്കോടതിയുടെ 18199/2021 നമ്പർ WP DEO Kannur & Others V. A.V. Sathyabhama & Others (2016 (4) KHC 911) വിധിക്ക് വിരുദ്ധമാണെന്നും, ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ഹർജിക്കാരിക്ക് ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ എന്നിവരെക്കാൾ മുൻഗണന നൽകി നിയമനാംഗീകാരം നൽകണമെന്നും ഹർജിക്കാരി വാദിക്കുന്നു.

10. ശ്രീമതി ശ്രീജയുടെ ആദ്യ നിയമനം 05/06/2013-ൽ എൽ.ജി. ഹിന്ദി തസ്തികയിലായിരുന്നെന്നും നിയമനാംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് 02/06/2014 മുതൽ ശ്രീ.രഞ്ജിത്ത് യു.പി.എസ്.റ്റി.യുടെ രാജി ഒഴിവിലും 01/07/2014 മുതൽ ശ്രീ.മനോജ് യു.പി.എസ്.റ്റി.ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലും വീണ്ടും അതേ തീയതി പ്രാബല്യത്തിൽ ശ്രീ.രഞ്ജിത്തിന്റെ രാജി ഒഴിവിലേക്കും നിയമിച്ചെങ്കിലും നിയമനാംഗീകാരം ലഭിച്ചിട്ടില്ലെന്നും, 2014-15-ൽ യു.പി.എസ്.റ്റി. ശ്രീമതി ദേവിദേവ്-നെ എച്ച്.എസ്.റ്റി. ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി ശ്രീജയെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ശ്രീമതി അശ്വതിയാണ് സീനിയർ എന്ന കാരണത്താൽ ടിയാളുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചുവെന്നും, 05/06/2013 മുതൽ എൽ.ജി. ഹിന്ദിയായും 02/06/2014 മുതൽ യു.പി.എസ്.റ്റി. ആയും തുടരുന്ന ടിയാൾക്കാണ് ശ്രീമതി അശ്വതിയെക്കാൾ സീനിയോറിറ്റി ഉള്ളത് എന്ന കാര്യം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിഗണിച്ചില്ലെന്നും, ടിയാൾ ഉൾപ്പെടെ നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്ന യു.പി.എസ്.റ്റി.മാർ ആരുംതന്നെ 51എ അവകാശം സിദ്ധിച്ചിട്ടുള്ളവരല്ലെന്നും 06/01/2022-ലെ ജി.ഒ.(ആർ.റ്റി)നം.110/2022/പൊവിവ പ്രകാരം യു.പി.എസ്.റ്റി. നിയമനം ക്രമീകരിക്കുവാൻ സാധിക്കാതെ പോയത് ശ്രീമതി ആശാറാണി യു.പി.എസ്.റ്റി.ക്ക് നിയമനം നൽകുന്നതിലുണ്ടായ സാങ്കേതിക പ്രശ്നങ്ങളാണെന്നും ശ്രീമതി ശ്രീജ ആർ.എൽ. അറിയിക്കുന്നു.

11. മാനേജർ 20/11/2017-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുള്ള

കത്തിൽ 16/07/2012 മുതൽ നിയമിക്കപ്പെട്ട 7 പേരിൽ 5 പേരുടെ നിയമനം അംഗീകരിച്ചിട്ടില്ലെന്നും ടി ഏഴുപേരിൽ മൂന്നാമത്തെ ആളായ ശ്രീമതി ദീപ രവീന്ദ്രനും ആറാമത്തെ ആളായ ശ്രീമതി ആശാറാണിയും വയസ്സ് കൂടുതലായവരാണെന്നും അവർക്ക് നിയമനാംഗീകാരം നൽകേണ്ടതാണെന്നും 2013-14-ൽ ഡിവിഷൻ ഫാൾ വന്നതിനാൽ അധികതസ്തിക നിലനിൽക്കുന്നില്ലെന്നും, 2014-15-ൽ ഒരു യു.പി.എസ്.എ. രാജിവച്ച ഒഴിവിൽ ശ്രീമതി ശ്രീജ ആർ.എൽ.നെ 01/07/2014 മുതൽ നിയമിച്ചുവെന്നും, പ്രതീക്ഷിത പ്രൊമോഷൻ ഒഴിവിൽ 02/06/2014 മുതൽ ശ്രീമതി അശ്വതി എം.എസ്.നെ നിയമിച്ചുവെങ്കിലും ടി തസ്തിക സ്വീകരിക്കപ്പെടാത്തതിനാൽ പരിഗണിക്കപ്പെടേണ്ടതില്ലെന്നും, ശ്രീമതി ശ്രീജയ്ക്കും ഓവർ ഏജ് ആകുമെന്നതിനാൽ ടിയാളുടെ നിയമനം പരിഗണിക്കപ്പെടേണ്ടതാണെന്നും, ഓവർ ഏജ് ആയവരെ 2014-15 വർഷത്തെ ഒഴിവിലേക്ക് മാറ്റി നിയമിക്കണമെന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും നിലപാടുമൂലം ടിയാളുകൾക്ക് പുറത്തുപോകേണ്ട സ്ഥിതി വരുമെന്നും, ടിയാളുകൾ ചട്ടം 51എ, 51ബി അവകാശികളല്ലെന്നും, 2014-15-ൽ യു.പി.യിൽ 16-ഉം എച്ച്.എസ്.ൽ 30 ഡിവിഷനുകളും തസ്തികകളും അനുവദിച്ചിരുന്നുവെന്നും, എന്നാൽ റിവൈസ് ചെയ്തതിനെ തുടർന്ന് യു.പി.യിൽ 16-ഉം എച്ച്.എസ്.ൽ 28-ഉം ഡിവിഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും, ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/04/2016-ലെ ബി2/4268/15(ഡി)ഡിസ് ഉത്തരവ് പ്രകാരമുള്ള തസ്തിക നിർണയം പുന:സ്ഥാപിച്ചു നൽകണമെന്നും, 2012-13 മുതൽ 2014-15 വരെയുള്ള നിയമനങ്ങളിൽ അതാത് വർഷം ഏജ് ഓവർ ആകുന്നവർക്ക് മുൻഗണന നൽകി നിയമനാംഗീകാരം നൽകണമെന്നും മാനേജർ ആവശ്യപ്പെട്ടിരുന്നു.

12. ശ്രീമതി ആശാറാണി 16/07/2012 മുതൽ 14/07/2013 വരെ സ്കൂളിൽ ജോലി ചെയ്തിരുന്നുവെങ്കിലും ഒരു വർഷത്തിൽ കുറഞ്ഞ സർവ്വീസ് മാത്രമുള്ളതിനാൽ 51എ അവകാശമില്ലെന്നും ശ്രീമതി അശ്വതിക്ക് മുൻപായി ടിയാളുടെ നിയമനം പരിഗണിക്കണമെന്ന വാദം ബഹു: സുപ്രീം കോടതിയുടെ മാനേജർ VKNMVHSS Vs State of Kerala & Others (2016(1) KHC 430=2106(1) KLT 489) എന്ന വിധിക്ക് എതിരാണെന്നും ഹർജിക്കാരി വാദിക്കുന്നു.

13. ശ്രീമതി ദേവിദേവ്-നെ എച്ച്.എസ്.എ. (എസ്.എസ്) തസ്തികയിൽ നിന്നും 2015-16-ൽ യു.പി.എസ്.റ്റി. ആയി റിവേർട്ട് ചെയ്തത് ബഹു:ഹൈക്കോടതിയുടെ DEO Kannur & Others Vs A.V.Sathyabhama & Others (2016(4) KHC 911) എന്ന വിധിക്ക് വിരുദ്ധമാണെന്നും ഹർജിക്കാരി വാദിക്കുന്നു.

14. ശ്രീമതി ആശാറാണിക്ക് ചട്ടം 51എ അവകാശം അനുവദിച്ചുകൊടുത്ത ഡയറക്ടറുടെ 04/07/2024-ലെ ഉത്തരവ് ചട്ടവിരുദ്ധമാണെന്നും ബഹു:സുപ്രീം കോടതി വിധിക്ക് വിരുദ്ധമാണെന്നും ഹർജിക്കാരി വാദിക്കുന്നു.
15. ശ്രീമതി അശ്വതിയെ 2013-14 വർഷത്തെ പ്രതീക്ഷിത അധിക യു.പി.എസ്.എ. തസ്തികയിൽ 31/07/2013 പ്രാബല്യത്തിൽ നിയമിച്ചെങ്കിലും (എക്സിബിറ്റ് പി1) ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ട്.
16. 02/06/2014-ൽ ശ്രീമതി പി.എം.ജയകുമാരി അമ്മയുടെ 31/05/2014-ലെ റിട്ടയർമെന്റ് ഒഴിവിൽ യു.പി.എസ്.എ. ആയിരുന്ന ശ്രീമതി ദേവിദേവ്-നെ എച്ച്.എസ്.എ. (എസ്.എസ്) ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ഹർജിക്കാരിയെ നിയമിച്ചെങ്കിലും നിയമനാംഗീകാരം നൽകിയിട്ടില്ല.
17. ജി.ഒ.(ആർ.റ്റി)നം.587/2020/പൊവിവ തീയതി 01/02/2020 പ്രകാരവും 2012-13 മുതൽ നിയമിക്കപ്പെട്ടുകയും നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുകയും ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനപ്രൊപ്പോസൽ പരിഗണിച്ചശേഷം മാത്രമേ പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കാവൂ എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.
18. ജി.ഒ.(ആർ.റ്റി)നം.106/2022/പൊവിവ തീയതി 06/01/2022 പ്രകാരവും ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ, ശ്രീമതി അശ്വതി എന്നിവരെ സീനിയോറിറ്റിക്രമത്തിൽ 2014-15 മുതൽ ലഭ്യമാകുന്ന തസ്തികകളിൽ പുനർനിയമിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.
19. ജി.ഒ.(ആർ.റ്റി)നം.110/2022/പൊവിവ തീയതി 06/01/2022 പ്രകാരവും ശ്രീമതി ആശാറാണി, ശ്രീമതി ശ്രീജ, ശ്രീമതി അശ്വതി എന്നിവരെ സീനിയോറിറ്റിക്രമത്തിൽ 2014-15 വർഷം പുനർനിയമിക്കുവാൻ നിർദ്ദേശിച്ചിരുന്നു.
20. 2013-14 വർഷം 2 എച്ച്.എസ്.റ്റി. (മലയാളം) അദ്ധ്യാപകരുടെ വിരമിക്കൽ ഒഴിവ് ഉണ്ടായിട്ടും 31/07/2013 തീയതിയിലാണ് 2 ഒഴിവുകളിലും പ്രൊമോഷൻ നൽകിയതെന്നും അതേ തുടർന്നുണ്ടായ 2 യു.പി.എസ്.റ്റി. ഒഴിവുകളിലും മാനേജർ പുതിയ നിയമനങ്ങൾ നടത്തുകയാണുണ്ടായതെന്നും ശ്രീമതി ആശാറാണി വ്യക്തമാക്കുന്നു.
21. എച്ച്.എസ്.റ്റി. ആയി പ്രൊമോഷൻ ലഭിച്ച ശ്രീമതി ജയലക്ഷ്മിയെ 15/07/2013-ൽ റിവേർട്ട് ചെയ്തതിനെ തുടർന്ന് സീനിയറായ യു.പി.എസ്.റ്റി.യെയാണ് പുറത്താക്കിയതെന്നും കെ.ഇ.ആർ. അധ്യായം XIVA ചട്ടം 37 പ്രകാരം സീനിയോറിറ്റി നിർണയിച്ച് ജൂനിയറിനെ കണ്ടെത്തേണ്ടതിനുപകരം ടിയാളെയാണ് പുറത്താക്കിയതെന്നും ശ്രീമതി ആശാറാണി വാദിക്കുന്നു.
22. കൂടാതെ, 18/12/2019-ലെ ജി.ഒ.(ആർ.റ്റി)നം.5533/2019/പൊവിവ (P-

265CF) പ്രകാരം സീനിയർ നിയമനാർത്ഥിയുടെ നിയമനം ക്രമവൽക്കരിക്കാതെ ജൂനിയറിന്റെ നിയമനം അംഗീകരിക്കാനാവില്ല എന്നും അനിവാര്യഘട്ടത്തിൽ ലാവണക്രമീകരണം നടത്തി നിയമനാംഗീകാരം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും, അതിനാൽ ടിയാൾക്ക് നിയമനാംഗീകാരം നൽകിയശേഷം മാത്രം ഹർജിക്കാരിയുടെ നിയമനം പരിഗണിക്കേണ്ടതുള്ളൂവെന്നും ശ്രീമതി ആശാറാണി വാദിക്കുന്നു.

**8.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ ശ്രീമതി ആശാറാണിയുടെയും ശ്രീമതി അശ്വതിയുടെയും നിയമനം സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും ഏഴാം എതിർകക്ഷിയായ ശ്രീമതി ശ്രീജ ആർ.എൽ.നെ കുറിച്ച് യാതൊരു പരാമർശവും നടത്തിയിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല, ടിയാൾക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിൽ നിയമനത്തീയതി മുതൽ തസ്തിക നിലനിൽക്കുന്നതുവരെ എന്ന രീതിയിൽ അനുവദിച്ചിട്ടില്ലാത്തതിനാൽ ടിയാളെ 15/07/2013 പ്രാബല്യത്തിൽ പുറത്താക്കുകയും പ്രായംകൊണ്ട് ജൂനിയറായ അദ്ധ്യാപകർ സർവ്വീസിൽ തുടരുകയും ചെയ്യുന്ന സ്ഥിതിയാണെന്ന് ശ്രീമതി ആശാറാണി ചൂണ്ടിക്കാട്ടുന്നു.

**9.** ടി അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്വീകരിച്ച നടപടികളിൽ മാനേജരുടെ ഭാഗത്തും വിദ്യാഭ്യാസ ഓഫീസർമാരുടെ ഭാഗത്തും വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് കാണുന്നു. ടി അദ്ധ്യാപകർക്ക് നീതി ലഭിക്കേണ്ടതുണ്ട്. ലഭ്യമായ രേഖകളിൽ നിന്നും ശ്രീമതി ആശാറാണിയുടെ ജനനത്തീയതി 20/05/1974-ഉം നിയമനത്തീയതി 16/07/2012 മുതലുമാണ്. ശ്രീമതി ശ്രീജയുടെ ജനനത്തീയതി 31/05/1975-ഉം എൽ.ജി.ഹിന്ദി ആയുള്ള ആദ്യ നിയമനം 05/06/2013-ഉം യു.പി.എസ്.റ്റി. നിയമനം 02/06/2014-ഉം ആണ്. ശ്രീമതി അശ്വതി എം.എസ്.ന്റെ ജനനത്തീയതി 31/05/1983-ഉം നിയമനത്തീയതി 02/06/2014-ഉം ആണ്. ശ്രീമതി ആശാറാണിക്കും ശ്രീമതി ശ്രീജയ്ക്കും നിയമനത്തീയതി മുതൽ അംഗീകാരം ലഭിച്ചില്ലെങ്കിൽ നിയമനത്തിനുള്ള പ്രായപരിധി അധികരിക്കുന്ന സാഹചര്യം നിലനിൽക്കുന്നു എന്ന് വ്യക്തമാണ്. ടിയാളുകൾക്ക് നിയമനാംഗീകാരം നൽകുന്നത് ഹർജിക്കാരിയുടെ നിയമനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതാനുമാവില്ല. മാത്രമല്ല, ഇതേ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള, മുൻ ഖണ്ഡികകളിൽ പരാമർശിക്കപ്പെട്ട സർക്കാർ ഉത്തരവുകളിൽ, ടി അദ്ധ്യാപകരുടെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി ലഭ്യമായ ഒഴിവുകളിൽ ക്രമീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായ തീരുമാനം കൈക്കൊള്ളുവാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നില്ല.

**10.** 16/7/2012 തീയതിയിൽ നിയമിക്കപ്പെട്ട 5 പേരിൽ (മിനി എസ്., ദീപാ രവീന്ദ്രൻ, ആശാറാണി, ബിന്ദുലക്ഷ്മി ജെ., ഇന്ദു വി.എസ്.) സീനിയോറിറ്റി പ്രകാരം 3-ാം സ്ഥാനത്തുള്ള ശ്രീമതി ആശാറാണിക്ക് ടിയാൾ നിലനിന്നിരുന്ന ശ്രീമതി ജയലക്ഷ്മിയുടെ പോസ്റ്റിലേക്ക് എച്ച്.എസ്.ടി. തസ്തികയിൽ നിന്നും ശ്രീമതി ജയലക്ഷ്മിക്ക് റിവേർഷൻ സംഭവിച്ച് മടങ്ങി വന്നാലും തൊട്ടടുത്ത ജൂനിയറായ ശ്രീമതി ബിന്ദുലക്ഷ്മി ജെ. നിൽക്കുന്ന

പോസ്റ്റിലേക്ക് പുന:ക്രമീകരണം നൽകേണ്ടതുണ്ട്. ശ്രീമതി ബിന്ദുലക്ഷ്മി ജെ.യെ ജൂനിയർ മോസ്റ്റ് ആയ ശ്രീമതി ഇന്ദു വി.യുടെ തസ്തികയിലേക്ക് പുന:ക്രമീകരിക്കുമ്പോൾ ശ്രീമതി ഇന്ദു വി.എസ്.നാണ് തസ്തിക നഷ്ടപ്പെടുന്നത്. 2013-14-ൽ യു.പി.എസ്.ടി. അധികതസ്തിക കൂടി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ ശ്രീമതി ബിന്ദുലക്ഷ്മി ജെ., ശ്രീമതി ഇന്ദു വി.എസ്. എന്നിവർക്ക് തസ്തിക നഷ്ടപ്പെടുമെന്നതിനാൽ ഇവർക്ക് അടുത്ത വരുന്ന ഒഴിവുകളിൽ നിയമനം നൽകിയ ശേഷമേ ഏതൊരു ജൂനിയറിന്റേയും നിയമനം ക്രമീകരിക്കേണ്ടതുള്ളു. 2013-14 വർഷം 2 പ്രൊമോഷൻ പോസ്റ്റ് ലഭ്യമാണെങ്കിൽ ഇവരെ ടി യു.പി.എസ്.ടി. ഒഴിവുകളിൽ ക്രമപ്പെടുത്താവുന്നതാണ്. ശ്രീമതി ശ്രീജ (ജനനത്തീയതി:31/05/1975)യ്ക്ക് എൽ.ജി.ഹിന്ദി ആയുള്ള ആദ്യനിയമനം 05/06/2013-ലായതിനാൽ ശ്രീമതി അശ്വതി എം.എസ്.(ജനനത്തീയതി: 31/05/1983)നെക്കാൾ മുൻഗണന ഉണ്ട്.

**11.** മേൽ സാഹചര്യത്തിൽ, ടി അദ്ധ്യാപകരുടെ സീനിയോരിറ്റി അനുസരിച്ച് ലഭ്യമായ ഒഴിവുകളിൽ നിയമനങ്ങൾ ക്രമപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മാനേജർക്കും, ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച്, മറ്റുവിധത്തിൽ യോഗ്യവും ക്രമപ്രകാരവുമെന്ന് ഉറപ്പുവരുത്തി, ടിയാളുകൾക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി, ശ്രീമതി എം.എസ്.അശ്വതി ഫയൽ ചെയ്ത റിട്ട് ഹർജി 26160/2024-ന്മേൽ ബഹു:ഹൈക്കോടതി 23/07/2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
2) ശ്രീമതി എം.എസ്.അശ്വതി, യു.പി.എസ്.റ്റി., ശ്രീ സേതു പാർവതി ബായി ഹയർ സെക്കൻഡറി സ്കൂൾ, കടക്കാവൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 306.
3) മാനേജർ, ശ്രീ സേതു പാർവതി ബായി ഹയർ സെക്കൻഡറി സ്കൂൾ, കടക്കാവൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 306.
4) പ്രിൻസിപ്പാൾ, ശ്രീ സേതു പാർവതി ബായി ഹയർ സെക്കൻഡറി സ്കൂൾ, കടക്കാവൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 306.
5) ശ്രീമതി ആശാ റാണി, യു.പി.എസ്.റ്റി., ശ്രീ സേതു പാർവതി ബായി ഹയർ സെക്കന്ററി സ്കൂൾ, കടക്കാവൂർ, ആറ്റിങ്ങൽ,
തിരുവനന്തപുരം-695 306.
6) ശ്രീമതി ശ്രീജ, എൽ.പി.എസ്.റ്റി., ശ്രീ സേതു പാർവതി ബായി ഹയർ സെക്കൻഡറി സ്കൂൾ, കടക്കാവൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 306.
7) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
8) ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ, തിരുവനന്തപുരം-695 101.

9) പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (ജെഎ1/22/2025/പൊവിവ തീയതി 18.2.2025)

10) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

11) ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

12) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/159/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 18-03-2025 11:21:41
സെക്ഷൻ ഓഫീസർ